ലക്കം-23/നവംബർ, 2014

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



# സ്വാമിയേ ശരണം അയ്യപ്പാ... ആമുഖം

വ്രതശുദ്ധിയുടെ മണ്ഡലക്കാലം വീണ്ടും നമ്മെ ത്തേടിയെത്തിയിരിക്കുന്നു. ക്ഷേത്രങ്ങളായ ക്ഷേത്ര ങ്ങളെല്ലാം ഇടത്താവളമാകുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തി ശബരിമല തീർത്ഥാട കരെ കാത്തിരിക്കുന്നു. കേരളത്തിന്റെ മണ്ണിലൂടെ ഇക്കഴിഞ്ഞ ദിവസങ്ങളിൽ നടത്തിയ ഓട്ട പ്രദക്ഷിണത്തിനിടയിൽ ധാരാളം അയ്യപ്പ ഭക്തന്മാരെ കാണുകയുണ്ടായി. അന്തരീക്ഷം ശരണം വിളി കളാൽ മുഖരിതമായിത്തുടങ്ങി.
സ്വാമിയേ ശരണം അയ്യപ്പാ...

ക്ഷേത്രങ്ങൾ നമുക്ക് എന്നും പ്രിയപ്പെട്ടവ തന്നെ. നമ്മുടെ പരിശുദ്ധിയുടെ, സംസ്കാരത്തിന്റെ, ഒത്തുചേരലിന്റെ, ആഘോഷങ്ങളുടെ എല്ലാം ഭാഗ മാണ് നമ്മുടെ ക്ഷേത്രങ്ങൾ. ഒരു ദിവസത്തെ പ്രഭാത സവാരി അടുത്ത ക്ഷേത്രത്തിലേയ്ക്കായിരുന്നു. നേരം പുലർന്നു വരുന്നതേ ഉണ്ടായിരുന്നുള്ളൂ. മഹാക്ഷേത്രത്തിൽ ഭക്തജനങ്ങൾ കുറെശ്ശെയായി എത്തിച്ചേർന്നു കൊണ്ടിരുന്നു. നട അടച്ചിരിക്കുക യായിരുന്നതിനാൽ പ്രദക്ഷിണം മതിയാക്കി ഞാൻ കാത്തിരുന്നു. മുന്നിലൂടെ കടന്നു പോയ മുഖങ്ങളിലേയ്ക്ക് ഞാൻ ഒന്നു ശ്രദ്ധിച്ചു നോക്കി. സന്തോഷം സ്ഫുരിക്കുന്ന മുഖങ്ങൾ തുലോം തുച്ഛം! പരിപാവനമായ ക്ഷേത്രാങ്കണത്തിൽ പോലും സന്തുഷ്ടരായിരിക്കുവാൻ നമ്മുടെ സഹോദരർക്കു കഴിയുന്നില്ലല്ലോ എന്നോർത്ത് ഒരല്പം വേദന തോന്നി. വൃശ്ചികം പകരുന്ന വ്രതശുദ്ധിയുടെ പ്രത്യേക അന്തരീക്ഷത്തിൽ പവിത്രതയുടെ ആഴങ്ങളിലേയ്ക്ക് നമുക്ക് ഒന്നു കടന്നു നോക്കാം.

പവിത്രത സുഖ-ശാന്തി-സമ്പന്നതയുടെ ആധാര മായാണ് ഭാരതത്തിൽ കണക്കാക്കപ്പെടുന്നത്. ആദ്ധ്യാത്മിക ജീവിതത്തിന്റെയും ആധാരം പവിത്രത തന്നെ. ജനിച്ചു-വളർന്നു-നരച്ചു-നശിച്ചു പോകുന്ന ഈ ശരീരമല്ല നാം എന്നും, മറിച്ച് ഈ ശരീരത്തിൽ കുടികൊള്ളുന്ന ആദ്ധ്യാത്മിക ഊർജ്ജമാണെന്നുമുള്ള തിരിച്ചറിവാണ് പവിത്രത യുടെ പാതയിലേയ്ക്കുള്ള നമ്മുടെ ആദ്യപാഠം. ആ ഊർജ്ജമാകട്ടെ പഞ്ചഭൂത നിർമ്മിതവുമല്ല. പഞ്ചഭൂതങ്ങൾക്കും അതീതമായ അതിനെയാണ് നാം ആത്മാവ് എന്നു വിളിക്കുന്നത്. ബ്രഹ്മതത്വ ത്താൽ നിർമ്മിതമായ ആത്മാവ് പരംധാമ അഥവാ ബ്രഹ്മലോക വാസിയാണ്. ഇവിടെ ശരീരം എടുത്ത് വേഷം അഭിനയിക്കുന്നു എന്നു മാത്രം. നാളെ ഈ വേഷം അഴിച്ചു വച്ച് വീണ്ടും തന്റെ യഥാർത്ഥ വീട്ടിലേയ്ക്ക് തിരിച്ചു പോകണം. ഈ ലോകത്തുള്ള ഏതെങ്കിലും വസ്തുവിലോ വ്യക്തി യിലോ വൈഭവത്തിലോ ആകൃഷ്ടരാകുമ്പോൾ നാം ആത്മാക്കൾ അപവിത്രരാകുന്നു. മറിച്ച് ഞാൻ ഇവിടെ അതിഥിയാണെന്നുള്ള ബോധത്തിൽ ജീവിക്കുമ്പോൾ നാം പവിത്രരായിരിക്കും.

സത്യ-ത്രേതാ യുഗങ്ങളിൽ നാം ആത്മാക്കൾ പൂർണ്ണമായും ആത്മബോധത്തിലാണ് ജീവിച്ചി രുന്നത്. പിന്നീട് ദ്വാപര-കലിയുഗങ്ങളിൽ നാം ദേഹബോധത്തിലേയ്ക്ക് വീണുപോകുകയും അപ വിത്രരാകുകയും ചെയ്തു. അപവിത്രരായ നമ്മെ വീണ്ടും പവിത്രരാക്കുവാൻ പതീത-പാവനനായ പരമാത്മാവിനു മാത്രമേ സാധിക്കുകയുള്ളൂ. കലിയുഗാന്ത്യത്തിൽ പരമാത്മാവു നടത്തുന്ന ഈ കർത്തവ്യമാണ് മണ്ഡലക്കാലത്ത് നാം അനുസ്മരി ക്കുന്നത്. ദേഹത്തിന്റെ തമോപ്രധാനതയും അതോടൊപ്പം അതിനോടുള്ള വൈരാഗ്യവും വ്യക്തമാക്കുവാൻ നാം കറുത്ത വസ്ത്രം ധരിക്കുന്നു. ആത്മബോധത്തിൽ രമിക്കുമ്പോൾ നമുക്കു മുന്നിൽ വലിപ്പ-ചെറുപ്പങ്ങളില്ല. ആത്മബോധത്തിലേയ്ക്ക് ഉയരുന്ന സംസ്കാരത്തിന്റെ പ്രതീകമായി എല്ലാ വരെയും സ്വാമിയെന്ന് സംബോധന ചെയ്യുന്നു. സ്വയം നിയന്ത്രണങ്ങൾക്ക് വിധേയനായവൻ എന്നും സ്വാമിയ്ക്ക് അർത്ഥമുണ്ട്.

ആത്മാവിനെ അപവിത്രമാക്കുന്നതിൽ മുഖ്യമായ ഒരു പങ്ക് സങ്കല്പങ്ങൾക്കുണ്ട്. സങ്കല്പ ശുദ്ധി നമ്മുടെ ആഹാരത്തെയും വ്യവഹാരത്തെയും ആശ്രയിച്ചിരിക്കുന്നു. സാത്വികമായ ആഹാരവും വ്യവഹാരവും അതിനാൽ തന്നെ മണ്ഡലക്കാലത്തോ അഥവാ മറ്റേതെങ്കിലും പ്രത്യേക ദിനങ്ങളിലോ മാത്രം അനുവർത്തിക്കേണ്ടതല്ല, മറിച്ച് അശുദ്ധ മായ ആഹാരവും വ്യവഹാരവും നമ്മുടെ മുന്നോട്ടുള്ള യാത്രയിലെ വിഘ്നങ്ങളായി കണ്ട് അവയെ എന്നെന്നേയ്ക്കുമായി നാം ഉപേക്ഷിക്കേണ്ടി യിരിക്കുന്നു. യാഥാർത്ഥ്യ ബോധത്തോടെയുള്ള വ്രതാനുഷ്ഠാനങ്ങളിലൂടെ നാം നമ്മുടെ ശ്രേഷ്ഠ സംസ്കാരത്തിലേയ്ക്ക് വീണ്ടും ഉയരുന്നു. പൂജനീയ മൂർത്തിയായി നാം മാറുന്നു. അപ്പോൾ മാത്രമേ തത്വമസി - അതു നീ ആകുന്നു - എന്ന ഋഷി വാക്യം യാഥാർത്ഥ്യമാകൂ.

ഹവിസ്സിന്റെ എല്ലാ വായനക്കാർക്കും ഞങ്ങളുടെ സ്നേഹം നിറഞ്ഞ മണ്ഡല ആശംസകൾ...



# താളുകൾ മറിക്കുമ്പോൾ


വിവേക ശകലങ്ങൾ........................................................................................................ ദാദി ജാനകി

ആകാശവും ഭൂമിയും പുഞ്ചിരിക്കുമ്പോൾ...............................................ബി.കെ. കിരൺ സന്ധ്യ, കൊച്ചി

ഗംഗേ.............................................................................................ബി. കെ. നിഖിൽ എലത്തൂർ, കോഴിക്കോട്

ഈശ്വരപ്രീതി.........................................................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

സാമൂഹ്യ സേവനം.........................................................................................................ബി.കെ. ജഗദീഷ്ച്ഛന്ദർ

മാന–അപമാനങ്ങൾ...........................................................................................കൃഷ്ണനുണ്ണി, പാലക്കാട്

അഭിമുഖം.....................................................................................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം


സദ്ഗുണം..............................................................................................................ബി.കെ. ഹൻസാ, മൗണ്ട് ആബു

ജ്യോതിഷവും ദോഷപരിഹാരങ്ങളും.................................................ബി. കെ. അനിൽ, തിരുവനന്തപുരം

അർപ്പണം...........................................................................................................................മാമ്പള്ളി ജി.ആർ., കൊല്ലം

ഭാഗ്യശാലികൾ...............................................................................................ബി. കെ. അനില, തിരുവനന്തപുരം

സന്തുലനം............................................................................................................................ഡോ. ദീപക് ചോപ്ര



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

**സഹകരിപ്പിക്കുവാൻ സാധിക്കുന്നവർക്ക്**
**എല്ലാ കാര്യവും എളുപ്പമായിരിക്കും.**

**എല്ലാവർക്കും അവരുടെ വ്യക്തിഗതമായ കഴിവുകളുണ്ട്,**
**എല്ലാവരുമായി ബന്ധം പുലർത്തുവാൻ സാധിക്കുമ്പോൾ**
**ഒന്നിച്ച് ഒരു കാര്യം പൂർത്തീകരിക്കുവാനാകും.**
**എന്റെ സകാരാത്മക വിചാരങ്ങളും**
**ഉൾപ്പെട്ട എല്ലാവരുടെയും ശുഭ ചിന്തകളും**
**ഒത്തു ചേരുമ്പോൾ വിജയം സുനിശ്ചിതം.**

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.



# ആകാശവും ഭൂമിയും പുഞ്ചിരിക്കുമ്പോൾ...

ബി.കെ. കിരൺ സന്ധ്യ, കൊച്ചി

ഏറ്റവുമൊടുവിൽ നിങ്ങൾ എപ്പോഴാണ് നിങ്ങളെ തന്നെ സ്നേഹിച്ചത്?

ബാഹ്യപ്രേരണകളില്ലാതെ, മറ്റൊരു സാന്നിധ്യവുമില്ലാതെ എപ്പോഴാണ് നിങ്ങൾക്ക് നിങ്ങളെ സ്നേഹിക്കാൻ കഴിഞ്ഞത്?

ഉത്തരം ലഭിക്കാൻ വളരെ ബുദ്ധിമുട്ടുള്ള ചോദ്യമാണിത്. കാരണം ഒരാൾ തന്റെ ജീവിതയാത്രയിലൊരിക്കലും അവനവനെ സ്നേഹിച്ചുകാണില്ല. തന്റെ ഭൗതികമായ ജീവിത സാഹചര്യങ്ങൾ ഒരുക്കുക എന്നതിലുപരി, അവനവനെ സ്നേഹിക്കാനുള്ള പരിശീലനം ഇപ്പോഴത്തെ സമൂഹിക വ്യവസ്ഥ നമുക്ക് തന്നിട്ടില്ല. മറ്റൊരാളെ സ്നേഹിക്കാനാണ് നമുക്ക് പരിശീലനം കിട്ടിയിട്ടുള്ളത്. മറ്റൊരാളെ സ്നേഹിച്ചു കൊണ്ട്, ആ സ്നേഹത്തിനുള്ള മറുപടി പ്രതീക്ഷിച്ചുകൊണ്ട് ഈ ജീവിതം തീരാത്ത കാത്തിരിപ്പാക്കി മാറ്റാനാണ് നമുക്കറിയുക. തിരികെ കിട്ടാത്ത സ്നേഹത്തിന്റെ കണക്കു പുസ്തകത്തിലെ അക്കങ്ങളായിരിക്കാനാണ് നമ്മുടെ പഠനങ്ങൾ നമ്മെ സഹായിച്ചിട്ടുള്ളത്.

അച്ഛൻ-അമ്മമാരെ, സഹോദര-മിത്രങ്ങളെ, പ്രിയപ്പെട്ടവരെ സ്നേഹിക്കാൻ നമുക്കറിയാം. പക്ഷേ ഇതിനിടയിൽ നാം മറന്നുപോയത് നമ്മെ തന്നെ സ്നേഹിക്കാനാണ്. ഈ ലോകത്തിലെ എല്ലാ ദുരിതങ്ങൾക്കും കാരണവും ഈ സ്നേഹത്തിന്റെ വലിയ അഭാവമാണ്.

അവനവനെ സ്നേഹിക്കുന്ന ഒരാൾ ലോകത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ മാത്രം ശക്തനാണ്. ലോകത്തിൽ മൃദുവായി മാത്രം സാന്നിധ്യമായിരിക്കാൻ കഴിയുന്നതും അങ്ങിനെ ഒരാൾക്കാണ്. കവിത പോലെ സുന്ദരമായി ഒഴുകുവാനും, വൻകരകളെ കടപുഴക്കുന്ന കൊടുങ്കാറ്റിനെ ഹൃദയത്തിൽ കരുതുവാനും അയാൾക്ക് കഴിയും. അഗ്നിയും ജലവും ഒരുപോലെ കൈവെള്ളയിൽ അയാൾ സൂക്ഷിച്ചിരിക്കും. അവനവനെ സ്നേഹിക്കുന്നയാൾ അത്രയേറെ ശക്തിശാലിയായിരിക്കും. അയാൾ ഗുണങ്ങളുടെ നിറവാർന്ന ഖനി ആയിരിക്കും.

എങ്ങനെയാണ് അവനവനെ സ്നേഹിക്കേണ്ടത്. തീർത്തും തലകീഴായാണ് നമ്മൾ ഇക്കാര്യം മനസ്സിലാക്കിയിരിക്കുന്നത്. തന്റെ തീരാത്ത ആഗ്രഹങ്ങളുടെ നിവൃത്തിയായാണ് സ്നേഹത്തെ നമ്മൾ നിർവ്വചിച്ചിരിക്കുന്നത്. എന്നാൽ തികച്ചും വേറിട്ട അനുഭവമാണ് അവനവനെ സ്നേഹിക്കുക എന്നത്.

അവനവനെ സ്നേഹിക്കുന്ന ഒരു നിമിഷമാണ് ഇനി നമുക്ക് ആവശ്യം. ആ നിമിഷം അലൗകിക അനുഭവമാണെന്ന തിരിച്ചറിവാണ് നമുക്ക് ഇനി വേണ്ടത്. അതിനുള്ള ആദ്യപടി അവനവനെ തന്നെ ഒന്ന പരിചയപ്പെടുക എന്നതാണ്. ഞാൻ ഞാനുമായി തന്നെ ഒന്ന പരിചയപ്പെട്ടിരിക്കുക, എന്നെ ഒന്ന് അടുത്തറിയുക. എന്നിൽ നിറഞ്ഞിരിക്കുന്ന

സുഖദമായ ചൈതന്യമാണ് ഞാൻ എന്നറിയാനായി അധിക സമയം ആവശ്യമില്ല. ഹൃദ്യമായ സാന്നിധ്യം... അത് അനശ്വരമാണ്. ദിവസത്തിൽ ഏതെങ്കിലും നിമിഷങ്ങൾ എന്നോടൊപ്പം തന്നെ ഞാൻ ചെലവഴിക്കണം. എന്നോട് തന്നെ സംഭാഷണ ത്തിലേർപ്പെടാൻ ഞാൻ പഠിക്കണം. ലോകത്തിൽ മറ്റുള്ളവർക്കായി ഇതുവരെ നൽകിയ സ്നേഹം എന്നിലേക്ക് മാത്രം പ്രവഹിപ്പിക്കാൻ ഏതാനും നിമിഷം ചെലവഴിക്കണം. എന്നോട് തന്നെ വർത്ത മാനം പറയാൻ ഞാൻ പരിശീലിക്കണം.

അത്തരം നിമിഷങ്ങളുടെ സ്വച്ഛതയിൽ ഞാൻ ആരാണെന്ന് എനിക്ക് സ്വയം വെളിപ്പെടും. ഞാൻ ഈ ശരീരത്തിനുള്ളിലെ ചൈതന്യമാകുന്ന സത്തയാണ് എന്ന് എനിക്ക് തിരിച്ചറിയാൻ കഴിയും. ഞാൻ എന്നെത്തന്നെ അറിയുന്ന നിമിഷങ്ങളിൽ അനാദിയായ, സത്യമായ സ്നേഹ ത്തിന്റെ, ഉറവകൾ എന്നിലുതിരുന്നത് അനുഭവി ച്ചറിയാനാകും. അത് നിർമ്മലവും മനോഹരവു മായ അലൗകിക അനുഭവമാണെന്ന് കണ്ടെത്താൻ കഴിയും. ആ നിമിഷത്തിൽ, ശരീരത്തിന്റെ ഭാവമല്ലാതെ, ആത്മാവിന്റെ തിളക്കം കാണാൻ കഴിയും. ആത്മാവിൽ നിന്നുള്ള ഊർജ്ജ പ്രവാഹത്തെ, ബോധ തലത്തിൽ അറിയാൻ കഴിയും. അത് നിസ്വാർത്ഥവും പരിധികളില്ലാത്ത തുമായിരിക്കും. വ്യക്തികളുമായോ ഭൗതികമായ വസ്തുക്കളുമായോ ബന്ധമില്ലാത്തതായിരിക്കും. ആ സ്നേഹം ഈശ്വരാനുഭവത്തിന്റെ തുടക്കമാണ്. മാനവ സ്നേഹത്തിന്റെ ഭാവഗീതമാണ്. ആ നിമിഷം, മുഴുവൻ പ്രപഞ്ചവും നമ്മെ ഉറ്റു നോക്കുന്ന നേരമാണ്.

ഏതാനും നിമിഷങ്ങൾ അവനവനോടൊപ്പം ചെലവഴിക്കൂ. ഹൃദ്യമായ സംഗീതം പോലെ സ്നേ ഹം നമ്മിൽ നിന്ന് ഒഴുകി തുടങ്ങട്ടെ. ആകാശവും ഭൂമിയും നമ്മളെ നോക്കി പുഞ്ചിരിക്കട്ടെ!



# ഗംഗേ

ബി കെ നിഖിൽ എലത്തൂർ, കോഴിക്കോട്

ഗംഗേ ഇതെന്തു വിപര്യയം
ഇന്നു നിന്റെ മഹാപ്രവാഹത്തിനേററ ദംശനം
ആയിരം തേജസ്വികൾക്കാത്മ സായൂജ്യ-
മേകിയൊരമൃതധാര
ഊർദ്ധ്വ ശ്വാസം പൂകയോ ശിവഗംഗേ
ഭാരത വർഷത്തിലാകമാനം
അമൃത വർഷമേകി നീ യുഗാന്തരങ്ങളായി
ജ്ഞാന പിയൂഷം സ്ഥൂല ഭാവമേകിയൊരാ-
പ്രവാഹം മിഴിനീർ കണക്കെ
നേർത്തു പോകുവതെന്തു
വിപര്യയം പ്രിയഗംഗേ



# ഈശ്വരപ്രീതി

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ഒരു ശ്വാസം ഒരു നിമിഷം സ്വന്തമായില്ല..
ഓർക്കുന്നതോ ജന്മം മുഴുവനും എന്റേതു മാത്രം ...
കണ്ണിലൂടെ കാണുന്നതൊന്നും എന്റേതേയല്ല...
ഒരു കൊച്ചു തീപ്പൊരിമതിയിതിനവസാനത്തിനായ്

എത്രയെത്ര ജന്മമെടുത്തു മനുജനിന്നിവിടെയെത്തി
അറിയേണ്ടതറിയാതെ തപ്പിതടഞ്ഞുവീണു
എങ്കിലും പ്രകാശകിരണങ്ങളുൾക്കൊള്ളുന്നില്ലവൻ...
കണ്ണുതുറന്നും കൂരിരുൾ ദർശിക്കുന്നവൻ

ഉൾക്കണ്ണു തുറക്കാൻ മാത്രകൾ മാത്രം
പരിധിയുള്ളതു മാത്രം കാണുന്ന ബാഹ്യമായ്
പരിധിയറ്റതിൻ ദൃശ്യത്തിനായ് മനുജൻ
തുറക്കേണമവൻ മൂന്നാം നേത്രത്തെ

ഭാഗ്യവാൻ നേടുന്ന ഈശ്വരപ്രീതി
സ്വയം ആത്മാവാണെന്നറിവിലൂടെ
പരമാത്മജ്ഞാനം ശ്രവിക്കുന്നതിലൂടെ
സൃഷ്ടി ചക്രത്തിന്നറിവുൾക്കൊള്ളുന്നതിലൂടെ

ബന്ധുവായ് ഭഗവാൻ വന്നണഞ്ഞു
ഭാഗ്യവാൻ ഉൾക്കൊണ്ടാ ബന്ധുത്വം
ജ്ഞാനത്തിൽ പാശത്താൽ ബന്ധിച്ചു
യോഗത്തിൻ സ്നേഹത്താൽ ചാലിച്ചു നിത്യവും.

# സാമൂഹ്യ സേവനം

ബി.കെ ജഗദീഷ്ച്ചന്ദർ

ഇന്നത്തെ സമൂഹത്തിനു മുന്നിൽ അനേകാനേകം സമസ്യകളുണ്ട്. അവയുടെയെല്ലാം മൂല കാരണം മനുഷ്യന്റെ മനസ്സിലെ സമ്മർദ്ദങ്ങളും വ്യവഹാരത്തിലെ ഭാവാവേശങ്ങളുമാണ്. ഇന്ന് സമൂഹത്തിന് ആവശ്യമായിരിക്കുന്ന ഏറ്റവും വലിയൊരു സേവനം മനുഷ്യ മനസ്സിന് സന്തുലനം നേടിക്കൊടുക്കുക, മനോവികാരങ്ങൾ നിയന്ത്രിക്കുവാൻ കഴിവുള്ളതാക്കുക, ശാന്തമായ അവസ്ഥയിൽ സ്ഥിതി ചെയ്യുന്നതിനുള്ള വിധി-വിധാനങ്ങളുടെ ശിക്ഷണം നൽകുക എന്നതാണ്. അതിലൂടെയാണ് മനുഷ്യൻ മനുഷ്യനാകുന്നത്. മൃഗീയതയിൽ നിന്നും ഉപരിയാകുന്നത്. മൃഗങ്ങൾ ജന്മവാസനകൾ അനുസരിച്ചും, ദാനവർ മനോവികാരങ്ങൾക്കടിമപ്പെട്ടും പ്രവർത്തിക്കുന്നു. എന്നാൽ മനുഷ്യൻ മനനശീല പ്രാണിയാണ്. ദീർഘവീക്ഷണവും, മൂല്യങ്ങളും ബുദ്ധി വൈശിഷ്ട്യവുമെല്ലാം മനുഷ്യന്റെ പ്രത്യേകതകളാണ്. മനുഷ്യമനസ്സുകളെ ശാന്തവും, ശുദ്ധവും, സന്തുലിതവുമാക്കുന്നതിന്റെ സേവനം ഉന്നതമായ ഒരു കാര്യമാണ്. അതിന്റെ ഫലമായി പരസ്പര വ്യവഹാരങ്ങളിൽ സ്നേഹം, ക്ഷമ, ദയ, സന്തോഷം, ത്യാഗം തുടങ്ങിയവയ്ക്ക് മുഖ്യത്വമുള്ളൊരു സമൂഹത്തെ വാർത്തെടുക്കുവാൻ കഴിയും. അതിലൂടെ വളരെയധികം സാമൂഹ്യ സമസ്യകൾ പരിഹരിക്കപ്പെടുന്നു.

# മാന-അപമാനങ്ങൾ

കൃഷ്ണനുണ്ണി, പാലക്കാട്

മനുഷ്യന്റെ വ്യക്തിത്വ വികാസം രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കൾ, ഗുരുക്കന്മാർ, കൂട്ടുകാർ, കുടുംബം, സമൂഹം നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥ എന്നിവയെല്ലാം വളരെ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഈ ഘടകങ്ങളെ സമർത്ഥമായി പ്രയോജനപ്പെടുത്താനുള്ള ആന്തരിക പരിശോധനകൾഒരു മനുഷ്യനിൽ എത്രമാത്രം ഉണ്ട് എന്നതിനെ ആശ്രയിച്ചാണ് അയാളുടെ വ്യക്തിത്വം വികസിതമാകുക. ഇംഗ്ലിൽ ഏറ്റവും പ്രശസ്തനായ ഒരു ചിത്രകാരനുണ്ടായിരുന്നു, ബെഞ്ചമിൻ മെറ്റ്കാഫ്. ഇംഗ്ലിലെ ജോർജ്-3 രാജാവ് 1763-ൽ ബെഞ്ചമിനെ ആസ്ഥാന ചിത്രകാരനായി ആദരിക്കുകയുണ്ടായി. എങ്ങനെയാണ് താങ്കൾ ഇത്ര വലിയൊരു ചിത്രകാരനായി മാറിയതെന്ന് ഒരിക്കൽ ഒരു സുഹൃത്ത് ബെഞ്ചമിനോട് ചോദിക്കുകയുണ്ടായി. എന്റെ അമ്മയുടെ ഒരു ചുംബനമാണ് എന്നെ ചിത്രകാരനാക്കിയതെന്ന് അദ്ദേഹം മറുപടി പറഞ്ഞു. ലോകത്തിലെ ഏറ്റവും വലിയൊരു ചിത്രകലാ വ്യക്തിത്വത്തെ രൂപപ്പെടുത്തുവാൻ സഹായിച്ച ആ ചുംബനത്തിന്റെ കഥ അറിയാൻ സുഹൃത്ത് ആകാംക്ഷാഭരിതനായി. ബെഞ്ചമിൻ ആ സന്ദർഭം സുഹൃത്തിന് വിശദീകരിച്ചു കൊടുത്തു. താൻ ബാലനായിരുന്നപ്പോൾ ഒരിക്കൽ അമ്മ എന്തോ കാര്യത്തിനായി പുറത്തുപോയി. പോകുമ്പോൾ ഇളയ സഹോദരിയെ നോക്കാനുള്ള ചുമതലയും തന്നെ ഏൽപ്പിച്ചു. അമ്മ പുറത്തുപോയ സമയത്ത് മുറിയിലുണ്ടായിരുന്ന വൈവിധ്യമാർന്ന ചായങ്ങളെടുത്ത് താൻ ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങി. മോഡലായി പരിഗണിച്ചത് തന്റെ കുഞ്ഞു പെങ്ങളെയായിരുന്നു. തന്റെ ചിത്ര രചനാ സംരംഭം മൂലം മുറിയാകെ അലങ്കോലമായി. തറയിലും ബെഞ്ചിലുമെല്ലാം ചായം പുരണ്ടു. അമ്മ കയറി വന്നപ്പോൾ അലങ്കോലമായി കിടക്കുന്ന മുറിയിൽ ചുറ്റുപാടും വല്ലാതെ നിരീക്ഷിച്ചു. അമ്മ ആദ്യം എന്നെ കണ്ണു തുറിപ്പിച്ചൊന്ന് നോക്കി. പക്ഷെ അതിനിടയിൽ കണ്ട കുഞ്ഞു പെങ്ങളുടെ വർണ്ണചിത്രം അമ്മയെ അത്ഭുതപ്പെടുത്തി. ആ ചിത്രം എത്രയും പെട്ടെന്ന് തറയിൽ നിന്നെടുത്ത് ശരിക്കാസ്വദിക്കുകയും തന്നെ മാറോടണച്ച് പിടിച്ച് ചുംബിക്കുകയും ചെയ്തു. ഒരു പക്ഷെ മറ്റേതൊരമ്മയും വഴക്കു പറയുമായിരുന്ന സ്ഥാനത്ത് തന്റെ അമ്മ ഒരു ചുംബനത്തിലൂടെ നൽകിയ അംഗീകാരമാണ് തന്റെ ചിത്രകലാകാരന്റെ യാത്രയ്ക്ക് തുടക്കമിട്ടത് എന്ന് പറഞ്ഞ് നിർത്തി.

ഇത് ചെറിയൊരു ഉദാഹരണമാണ്. ഇതുപോലെ ഓരോ മനുഷ്യനും തന്നെ രൂപപ്പെടുത്തിയ ചെറുതും വലുതുമായ, ലളിതവും കഠിനവുമായ അനുഭവങ്ങളെക്കുറിച്ച് പറയുവാനുണ്ടാകും. ലോകം മുഴുവൻ ആരാധ്യനായ മോഹൻദാസ് കരംചന്ദ് ഗാന്ധി. മഹാത്മാ എന്ന് ലോകം മുഴുവൻ സംബോധന ചെയ്യും വിധത്തിലുള്ള അത്യപൂർവ്വമായ വ്യക്തിത്വമായി വളർന്നത് ആത്മ വിമർശനത്തിലൂടെ സ്വയം പുതുക്കി പണിയാനുള്ള സന്നദ്ധതയിലൂടെ ആയിരുന്നു. കാഴ്ചയിൽ ആകർഷണീയതയില്ലാത്ത കുറിയ ഒരു വ്യക്തിയായിരുന്നു ഗാന്ധിജി എന്നോർക്കേണ്ടതുണ്ട്. ഒരാളുടെ രൂപഭാവങ്ങളോട് ബന്ധപ്പെട്ടല്ല എല്ലാ വ്യക്തിത്വത്തെയും വർണ്ണിക്കേണ്ടത്. ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപാടുകളും ആ കാഴ്ചപാടുകൾക്കനുസരിച്ചുള്ള പ്രവർത്തികളുമാണ് ഒരു മനുഷ്യന്റെ വ്യക്തിത്വം അളക്കുന്നതിനുള്ള മാന

ശേഷം 13-ാം പേജിൽ



# അഭിമുഖം

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

യാദൃശ്ചികമായിട്ടാണ് ഇങ്ങനെയൊരു അഭിമുഖം ടിവി ചാനലിൽ കാണാൻ ഇടയായത്. പ്രശസ്ത സാംസ്കാരിക പ്രവർത്തകനായ സൂര്യാകൃഷ്ണ മൂർത്തിയോടായിരുന്നു അഭിമുഖ സംഭാഷണം നടത്തിയിരുന്നത്. അവതാരിക തന്റെ ചോദ്യം തികച്ചും ആസൂത്രിതമായി തന്നെ ചോദിച്ചു കൊണ്ടേയിരുന്നു.

ചോദ്യം : എന്തുകൊണ്ടാണ് അങ്ങയുടെ പേരിന്റെ മുന്നിൽ സൂര്യ എന്നു ചേർക്കാൻ കാരണമായത്?

ഉത്തരം : തികച്ചും യാദൃശ്ചികം. ദൈവഹിതം. ഒരു കൊച്ചുകുട്ടിയാണ് എന്നെ ആദ്യമായി അങ്ങനെ വിളിച്ചത്.

ചോദ്യം : ഒരു കലാസംഘാടകൻ എന്ന നിലയിൽ താങ്കൾക്ക് അഭിമാനിക്കാൻ സാധിക്കാത്ത ഏതെങ്കിലും നിമിഷങ്ങൾ ഉണ്ടായിട്ടുണ്ടോ? അതുപോലെ അഭിമാനിക്കാവുന്ന നിമിഷങ്ങളും?

ഉത്തരം : തീർച്ചയായും ഉണ്ട്. ധാരാളമായിട്ടുണ്ട്. ഇതിൽ പ്രധാനമായും എടുത്തു പറയാനായി എനിക്കു തോന്നിയിട്ടുള്ളത്. ഒരു പച്ചക്കറി വിൽപ്പനക്കാരൻ പച്ചക്കറി വാങ്ങി തന്റേതാക്കിയതിനു ശേഷം അത് വിൽപ്പനച്ചരക്കാക്കി വിൽക്കുമ്പോൾ അതു കച്ചവടമായി മാറുന്നു. അതിനെ ഉദാത്തമായ കച്ചവടമെന്ന് ആരും പറയുന്നില്ല. അണ, പൈസ കൃത്യം പറഞ്ഞ് അയാൾ അത് വിറ്റഴിക്കുകയാണ് ചെയ്യുന്നത്. അതുപോലെ "കല" പഠിച്ച് ഒരാൾ ഇതുപോലെ വിലപേശി വിറ്റഴിക്കുമ്പോൾ അത് അക്ഷരാർത്ഥത്തിൽ കച്ചവടം തന്നെയാണ്. അങ്ങനെയുള്ള വ്യക്തികളെ സമൂഹം യഥാർത്ഥ കലാകാരൻ എന്നു പറഞ്ഞ് വാഴ്ത്തുമ്പോൾ അവാർഡുകൾ വാരിക്കോരിക്കൊടുക്കുമ്പോൾ യഥാർത്ഥ കലാകാരൻ പലപ്പോഴും വിസ്മരിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇത് അത്രയും അഭിമാനിക്കാവുന്ന നിമിഷങ്ങളല്ല. എന്നാൽ എന്നെന്നും അഭിമാനിക്കാവുന്ന നിമിഷങ്ങളും ധാരാളം വന്നുപോയിട്ടുണ്ട്. അവയിലൊന്നാണ് അവശത അനുഭവിക്കുന്ന കലാകാരന്മാർക്കുവേണ്ടി സാംസ്കാരിക, കലാരംഗത്ത് ഞാൻ കൂടി ഉൾപ്പെടുന്ന ഒരു പ്രവർത്തക സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ മൂന്നുലക്ഷം രൂപയുടെ ഒരു ഫണ്ടുമുണ്ട്. ഈ തുക അനുഷ്ഠാന കലയിൽ തന്റെ ജീവിതത്തെത്തന്നെ സമർപ്പിച്ച ഒരു വ്യക്തിക്ക് കൊടുക്കാനാണ് പ്രവർത്തക സമിതി തീരുമാനിച്ചിട്ടുള്ളത്. അതിനായി കാക്കാരശ്ശി നാടകത്തിൽ പ്രഗത്ഭനായ ഒരു വ്യക്തിയെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈ വിവരം അദ്ദേഹത്തെ നേരിട്ട് എനിക്കു തന്നെ അറിയിക്കണമെന്ന് ഒരു സ്വാർത്ഥ മോഹവും എന്നിലുണ്ടായി. അതിൻപ്രകാരം ഞാനദ്ദേഹത്തെ കാണുവാൻ ചെന്നു. 90 വയസ്സോളം പ്രായം വരുന്ന ഒരു വയോവൃദ്ധനായിരുന്നു അദ്ദേഹം. ഞാൻ വളരെ വിനീതനായി ഈ മൂന്നുലക്ഷം രൂപയുടെ അവാർഡ് വിവരം അദ്ദേഹത്തോട് പറയുകയുണ്ടായി. എന്നാൽ അത്ഭുതമെന്ന് പറയട്ടെ അദ്ദേഹത്തിന് ഇതിൽ വലിയ സന്തോഷമോ ആനന്ദമോ ഒന്നും തോന്നിയില്ല. മാത്രമല്ല അദ്ദേഹം ഇങ്ങനെ പറയുകയും ചെയ്തു. എനിക്ക് 90 വയസ്സു കഴിഞ്ഞിരിക്കുന്നു. ജീവിതം ഏറെക്കുറെ പൂർണ്ണ

മായിരിക്കുന്നു. ഇനി എനിക്കെന്തിനാണ് ഈ രൂപയും, ബഹുമതിയുമൊക്കെ. എന്നാലും എനിക്കിങ്ങനെയൊരു ആഗ്രഹം ബാക്കിയുണ്ട്. ഇനിയും ഒരു രണ്ടുകളി കൂടി കളിക്കണം. അതിനൊരവസരം ഉണ്ടാക്കിത്തന്നാൽ വളരെ നന്നായിരുന്നു. ഇതായിരുന്നു അദ്ദേഹത്തിൽ നിന്നുണ്ടായ പ്രതികരണം. ഇവിടെയാണ് ഞാൻ അഭിമാനം കൊണ്ടാത്. ഉത്തമമായ കലയും ജീവിതവും അധികമാരും അറിയാത്ത കലാകാരന്മാരിലൂടെയാണ് നിലനിൽക്കുന്നത്. അവർ അംഗീകാരത്തിന്റെയും അവാർഡിന്റെയും ധനത്തിന്റെയും പരിധിക്കപ്പുറമാണ്. അവരുടെ ജീവിതം തന്നെ കലയാണ്. അവർ കലയെ ദൈവത്തിൽ നിന്നും വേറിട്ടു കാണുന്നില്ല. അവർ അങ്ങനെ തന്നെ ജീവിക്കുന്നു. ഇവരെപ്പോലെയുള്ള കുറച്ചെങ്കിലും പേരുടെ തപസ്സുകൊണ്ടാണ്, സത്യത കൊണ്ടാണ്, അനുഷ്ഠാനം കൊണ്ടാണ് ഉത്തമമായ കലയും, സാഹിത്യവും, അന്യം നിൽക്കാതെ നിലനിന്നു പോകുന്നതും. ഇന്നത്തെ പച്ചപരിഷ്ക്കാരത്തിന്റെ അവാർഡുകൾക്കും ബഹുമതികൾക്കുമപ്പുറം അതൊരു കുളിർക്കാറ്റായി മൃദു തലോടലായി നമ്മളെ കാത്തു സൂക്ഷിക്കുന്നതും.

പിന്നീട് പല ചോദ്യങ്ങളും അവതാരിക അദ്ദേഹത്തോട് ചോദിക്കയുണ്ടായി. എന്നാൽ എന്റെ മനസ്സ് മറ്റെവിടെയോ തെന്നിമാറി നിന്നു.

## സദ്ഗുണം

ബി.കെ. ഹൻസാ, മൗണ്ട് ആബു


ദാദി ജാനകി എപ്പോഴും ഗുണങ്ങളിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിപ്പിക്കുന്നു. രണ്ടു പേർ പരസ്പരം സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ മൂന്നാമത് ഒരാൾ ഇടയ്ക്ക് വരരുതെന്ന് ബ്രഹ്മാ ബാബ അവരെ പഠിപ്പിച്ചു. അതുപോലെ തന്നെ, ദാദിയും നമ്മെ ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. ദാദി എപ്പോഴും പറയും – നമ്മുടെ വാക്കിലും, കർമ്മത്തിലും വളരെയധികം ശ്രദ്ധ കൊടുക്കണം, എന്തുകൊണ്ടെന്നാൽ നാം എല്ലാവർക്കും ദൃശ്യമാകുന്ന വിശ്വ സ്റ്റേജിലാണ് നിൽക്കുന്നത്.

ദാദി ആരെയെങ്കിലും വ്യക്തിപരമായി കാണുമ്പോൾ പൂർണ്ണമായും ശ്രദ്ധ ആ വ്യക്തിയിലായിരിക്കും. ആ സമയത്ത് നാം പരസ്പരം സംസാരിക്കുകയാണെങ്കിൽ ദാദി നമ്മെ സ്റ്റോപ്പ് ചെയ്യിക്കുന്നു. എന്നാൽ നാം ദാദിയെ ഇടയ്ക്ക് വെച്ച് സ്റ്റോപ്പ് ചെയ്യിച്ചാൽ അവർ നമ്മെ കണ്ണ് കാണിക്കുന്നു. അവർ ഒരിക്കലും ആരെയും കാര്യസാദ്ധ്യതയ്ക്കായി കാണാറില്ല.

ആരെങ്കിലും ദാദിയോട് അസ്വാരസ്യമായി സംസാരിച്ചാൽ ദാദി പറയും – ഒരിക്കലും ബാപ്ദാദായോട് ആരും ഇപ്രകാരം സംസാരിച്ചിട്ടില്ല. ദാദി എപ്പോഴും, തന്നെ ബാപ്ദാദായോട് തുലനം ചെയ്യുന്നു. ഒരു യോഗി എപ്രകാരമായിരിക്കണം എന്ന് അവർ സമയാസമയം നമ്മെ ഓർമ്മിപ്പിക്കുന്നു.

## മഹദ് വചനങ്ങൾ

**ഈശ്വരൻ എന്റെ പക്ഷത്താണോ എന്ന് ഞാൻ ഒരിക്കലും ശ്രദ്ധിക്കാറില്ല. ഞാൻ ഏററവും കൂടുതൽ ശ്രദ്ധിക്കുന്നത് ഈശ്വരന്റെ പക്ഷത്താകുവാനാണ്, എന്തുകൊണ്ടെന്നാൽ ഈശ്വരൻ നിത്യമായ ശരിയാണ്.**





# ജ്യോതിഷവും ദോഷപരിഹാരങ്ങളും - 1

ബി.കെ അനിൽ, തിരുവനന്തപുരം

ധർമ്മഭ്രംശം സംഭവിക്കാതിരിക്കുവാനാണ് പൂർവ്വികരായ ഋഷി-മുനിമാർ പിൻ തലമുറയുടെ ഉന്നമനാർത്ഥം ചില ആചാരാനുഷ്ഠാനങ്ങൾ നിർദ്ദേശിച്ചത്. അവയെല്ലാം തന്നെ ഒരു ആദ്ധ്യാത്മിക ഭാവം ഉണ്ടായിരുന്നു. അത് മാനവരിൽ സാത്വികത്വം നിലനിർത്തുവാൻ വേണ്ടിയുള്ളതായിരുന്നു. സനാതന ധർമ്മത്തിലുള്ളവരെ സംബന്ധിച്ചിടത്തോളം ഒരു ഭാരതീയനു വിധിച്ചിട്ടുള്ള ചില സംസ്കാരങ്ങൾ അതിൽ പെടുന്നു. അവയെ ഷോഡശ സംസ്കാരങ്ങൾ എന്ന് പറയുന്നു. ഷോഡശം എന്നാൽ 16. ഒരു കുഞ്ഞിന്റെ ജീവൻ തുടിക്കുന്നതു മുതൽ അത് നിലയ്ക്കുന്നതു വരെ, ജീവിത യാത്രയിൽ പിൻതുടരേണ്ട 16 കാര്യങ്ങളാണവ. ഒരു വ്യക്തിയെ സംബന്ധിച്ച്, അയാൾ ജനിക്കുമ്പോൾ അയാൾക്ക് ഒരു ജീവിത ലക്ഷ്യവുമുണ്ട്. അത് നിറവേറ്റുന്നതിനുള്ള കഴിവും സാമർത്ഥ്യവും പ്രദാനം ചെയ്യുക എന്നത് ഉദ്ദേശിച്ചുള്ളവയാണ് ഈ 16 കാര്യങ്ങൾ. അതിൽ പെടുന്ന ഒന്നാണ് ജാതക കർമ്മം. ഒരു കുഞ്ഞിന്റെ ജനനശേഷം നടത്തപ്പെടുന്ന ഒന്നാണിത്. മുൻകാലങ്ങളിൽ വളരെ ആർഭാടത്തോടെയാണ് ഇത് നടത്തിയിരുന്നത്. കുഞ്ഞിന്റെ നാവിൽ സ്വർണ്ണമോതിരം കൊണ്ട് ഓം എന്ന് എഴുതുകയും, കാതിൽ മന്ത്രങ്ങൾ ഉച്ചരിച്ച് കേൾപ്പിക്കുകയും ചെയ്യുമായിരുന്നു. ആ കുട്ടിയിൽ സാത്വിക വാസനകൾ ഉടലെടുക്കുന്നതിന് നൽകുന്ന ആദ്യത്തെ ബാഹ്യഭക്ഷണമാണിത് എന്ന് പറയാം. എന്നാൽ പിന്നീട് ഇങ്ങനെയുള്ള ആചാരാനുഷ്ഠാനങ്ങളുടെ രീതികളിൽ മാറ്റങ്ങൾ വന്നു. അവ ഉൾക്കൊള്ളുന്ന ആത്മീയ ഭാവങ്ങളുടെ യഥാർത്ഥ അർത്ഥം മറക്കുകയോ മറയ്ക്കപ്പെടുകയോ ചെയ്തു. ജ്യോതിഷവിദ്യയുടെ കാര്യത്തിലും അത്തരത്തിലുള്ള ദൗർഭാഗ്യകരങ്ങളായ പല മാറ്റങ്ങളും ഉണ്ടായി.

ജാതകം ഒരു വ്യക്തിയുടെ ജീവിതത്തിലെ ഭാവി-ഭൂത-വർത്തമാനങ്ങളിലെ ശുഭവും അശുഭവുമായ അനുഭവങ്ങളുടെ ചിന്തനമാണ്. ജനന സമയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ചിന്തനം. ഈ ചിന്തനങ്ങൾ വെറും ഊഹാപോഹങ്ങളല്ല. ചില അടിസ്ഥാന തത്വങ്ങൾ ഇതിനു പിന്നിലുണ്ട്. ആ അനുഭവങ്ങളുടെ ചിന്തനത്തിന് ആധാരമായിരിക്കുന്നത് ജ്യോതിഷം എന്ന ബൃഹത് വിജ്ഞാന ശാഖയാണ്. ഒരു വ്യക്തിയുടെ ത്രികാല ഫല പ്രവചനത്തിന് സഹായിക്കുന്ന ഘടകങ്ങളെക്കുറിച്ചും, ഫലാനുഭവങ്ങളെക്കുറിച്ചും അത് സസൂക്ഷ്മം വിശദീകരിക്കുന്നു. അവ അതീവ വിസ്മയകരങ്ങളുമാണ്. എന്നാൽ ഇവിടെ മുഖ്യമായും പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നത്, ഈ നക്ഷത്രങ്ങളും ഗ്രഹങ്ങളുമെല്ലാം ശുഭാശുഭ ഫലങ്ങളെ അറിയിച്ചു കൊടുക്കുന്നവ മാത്രമാണ് അല്ലാതെ അവർ മനുഷ്യരെ നന്നാക്കുകയോ മോശമാക്കുകയോ ചെയ്യുന്നില്ല. ശുഭാശുഭ വിധികളെക്കുറിച്ച് ബോധവാന്മാരാക്കുകയാണ് ചെയ്യുന്നത് എന്നതാണ്. ഈ സത്യം എത്ര പേർ മനസ്സിലാക്കുന്നു? അങ്ങനെയെങ്കിൽ, ഗ്രഹങ്ങളെ പൂജിക്കുന്നതാണോ സർവ്വദോഷങ്ങൾക്കുമുള്ള പരിഹാരം? ഗ്രഹപൂജാവിധികൾ സംശുദ്ധ ജ്യോതിഷത്തിന്റെ ഭാഗമാണോ?

ജ്യോതിഷത്തിലെ ചില പദാവലികളും പദപ്രയോഗങ്ങളും മിക്കവർക്കും സുപരിചിതമാണ്. ചൊവ്വാദോഷം, ഏഴരശനി, കണ്ടകശനി, രാഹുർദശ, വ്യാഴദശ, തുടങ്ങിയവ അവയിൽ ചിലതുമാത്രം. ശനിദോഷം കാരണം എന്റെ കാൽ ഒടിഞ്ഞു എന്ന് പറയുന്നവരുണ്ട്. എന്നാൽ എന്താണ് ശനിദോഷമെന്നോ, രാഹുർദശയെന്നോ, ചൊവ്വാദോഷമെന്നോ, പലർക്കും അറിയില്ല എന്നതാണ് സത്യം. ഭാരതത്തിന്റെ അഭിമാനമായി മംഗൾയാൻ ചൊവ്വാദൗത്യത്തിന്റെ ഘട്ടം ഘട്ടമായുള്ള വിജയം കൈവരിക്കുന്നതിനിടെ ചൊവ്വാദോഷത്തെ ചോദ്യം ചെയ്ത് ജ്യോതിഷത്തെ ശക്തമായി വിമർശിച്ച കേരളത്തിലെ പ്രശസ്ത വ്യക്തികളുണ്ട്. ഈ വിമർശനങ്ങൾക്ക് അടിസ്ഥാനം വലിയൊരു തെറ്റിദ്ധാരണയാണ്. ജ്യോതിഷ സംബന്ധമായ പദങ്ങളുടെ തെറ്റായ വ്യാഖ്യാനങ്ങൾ ജ്യോതിഷത്തെക്കുറിച്ചുള്ള പല ആശയക്കുഴപ്പങ്ങൾക്കും കാരണമായി. ചൊവ്വാദോഷമെന്നാൽ ചൊവ്വ എന്ന ഗ്രഹം വരുത്തി വച്ച ദോഷമാണോ? ശനിദോഷമെന്നാൽ ശനി ഗ്രഹം വരുത്തിയ ആപത്താണോ? വാസ്തവത്തിൽ ഈ ഗ്രഹങ്ങൾക്ക് മനുഷ്യന്റെ ജീവിതത്തിൽ ശുഭാശുഭ ഫലങ്ങൾ ഉണ്ടാക്കാൻ സാധിക്കില്ല എന്നത് അടിസ്ഥാനപരമായി മനസ്സിലാക്കണം. ഒരാൾ എല്ലാ സൗഭാഗ്യങ്ങളോടെ ജീവിക്കുന്നുവെങ്കിൽ അത് ജ്യൂപിറ്റർ എന്ന ഗ്രഹം കൊടുത്തതാണ് എന്ന് വിശ്വസിക്കാൻ തീർച്ചയായും പ്രയാസം വരും. ഒരാൾ പഴത്തൊലിയിൽ ചവിട്ടി വീണ് കാൽ ഉളുക്കിയതിന്റെ കാരണം സാറ്റേൺ എന്ന ഗ്രഹമാണെന്നോ? ഇനി, ഈ ഗ്രഹങ്ങളിൽ നിന്നും വന്ന രശ്മികൾ അയാളുടെ ബുദ്ധിയെ പ്രഭാവിതമാക്കി അതുകാരണം പഴത്തൊലി കണ്ടില്ല എന്ന് പറയുന്നതും കൂടുതൽ അബദ്ധമെന്നേ പറയുവാനാകൂ.

തെറ്റായ പദപ്രയോഗങ്ങളുടെ മറ്റൊരു ഉദാഹരണമാണ് ശനീശ്വരൻ എന്ന പദം. ഇത് നമ്മൾ സാധാരണ കേൾക്കാറുള്ള ഒന്നാണ്. എന്തുകൊണ്ട് ബുധേശ്വരനെന്നോ വ്യാഴേശ്വരനെന്നോ കുജേശ്വരനെന്നോ ചൊവ്വേശ്വരനേന്നോ പറയുന്നില്ല? അതിന് കാരണമുണ്ട്. പദം ശനീശ്വരൻ എന്നല്ല, ശനൈശ്ചരൻ എന്നാണ്. അതായത് മന്ദമായി ചലിക്കുന്നത് എന്നർത്ഥം. അതിന് ഈശ്വരനുമായി ബന്ധമില്ല. ഗ്രഹങ്ങളിൽ മന്ദഗതിയുള്ളതാണ് ശനി. ശനൈശ്ചരൻ തെറ്റായ പദപ്രയോഗത്തിലൂടെ ശനീശ്വരനായതാണ്. ഇതിനെക്കുറിച്ച് മറ്റൊരു കാരണം കൂടി ചിന്തിക്കാവുന്നതാണ്. അധികാരവും ക്രൂരതയുമുള്ള വ്യക്തികളെ മറ്റുള്ളവർക്ക് ഭയമായിരിക്കും. അതുകാരണം, അങ്ങനെയുള്ളവരോട് ഭയ-ഭക്തി-ബഹുമാനാദികളോടെ മാത്രമേ ഇടപെടൂ. അതുപോലെ ശനിയെ ഭയപ്പെടുന്നവരാണ് പലരും. കാരണം ശനിയെ മരണകാരകനായി പറയുന്നു. അതിനോടൊപ്പം ആപത്ത്, അപമാനം, ദാരിദ്ര്യം, നീചസംസർഗ്ഗം, അലസത, കാരാഗൃഹം, ബന്ധനം, ഓർമ്മക്കുറവ്, നാശം തുടങ്ങിയ അനുഭവങ്ങൾ ശനിയുമായി ബന്ധപ്പെടുത്തിയിരികുന്നതിനാൽ ഭയ-ഭക്തിയോടെ പൂജിക്കുന്നു.

പ്രശ്നമാർഗ്ഗം എന്ന ഗ്രന്ഥത്തിൽ ഒരു കാര്യം വ്യക്തമാക്കുന്നു. പൂർവ്വജന്മ ആർജ്ജിതമായ ശുഭമോ അശുഭമോ ആയ കർമ്മങ്ങളുടെ ഫലത്തെ ഗ്രഹങ്ങൾ അവയുടെ സ്ഥാനത്തിലൂടെ സൂചിപ്പിക്കുന്നു എന്നുതന്നെയാണ് അതിൽ പറയുന്നത്. അതായത് അനുഭവ ദാതാക്കളല്ല, അനുഭവ സൂചകങ്ങളാണ് ഗ്രഹങ്ങൾ എന്നർത്ഥം. ഓരോരുത്തരുടെയും വ്യത്യസ്തങ്ങളായ ജനന-ജീവിത സാഹചര്യങ്ങളുംഅനുഭവങ്ങളുംപൂർവ്വജന്മത്തിന്റെ തുടർച്ചയായുള്ളവയാണ് ഈ ശുഭാശുഭ ഫലങ്ങൾ എന്ന് കർമ്മസിദ്ധാന്തത്തെക്കുറിച്ച് ഗഹനമായി മനസ്സിലാക്കുമ്പോൾ ബോധ്യമാകും. മാത്രമല്ല പല ശാസ്ത്രങ്ങളും അനുഭവങ്ങളും ഈ കാര്യങ്ങൾ ശരിവയ്ക്കുന്നുമുണ്ട്.

# അർപ്പണം

ജി.ആർ. രഘുനാഥൻ, കൊല്ലം

ഒരു മനസ്സോടെ ഞാൻ ജീവിതമത്രയും
പരമപിതാവിനായർപ്പിച്ചു
പല മാനസ്സങ്ങളാ ശിവനോട് ചേർന്നു
പരന്ധാമിലായി നിവസിച്ചു
പരമമാം ദീപവുമാത്മദീപങ്ങളു-
മൊരു ദീപസ്തംഭം തീർത്തവിടെ.

# ഭാഗ്യശാലികൾ

ബി.കെ. അനില

ഭാഗ്യശാലി എന്നതിന് അനേകം നിർവ്വചനങ്ങളുണ്ട്. ഒരാളുടെ സങ്കല്പത്തിലോ സ്വപ്നത്തിലോ പോലും ഇല്ലാതിരുന്നത് പ്രയത്നമില്ലാതെ കിട്ടുമ്പോൾ അയാളെ ഭാഗ്യശാലിയായി മനസ്സിലാക്കുന്നു. ജന്മം കൊണ്ട് ഭാഗ്യശാലികളുണ്ട്. പാലനം കാരണം ഭാഗ്യശാലികളാകുന്നവരുണ്ട്. കർമ്മം കൊണ്ട് ഭാഗ്യശാലികളാകുന്നവരുമുണ്ട്. എല്ലാവരും ജന്മം കൊണ്ട് ഭാഗ്യമുള്ളവർ ആകണമെന്നില്ല. വിപരീതമായ സാഹചര്യങ്ങളിൽ ജനിക്കുന്ന എത്രയോ പേർ ഇന്ന് ലോകത്തുണ്ട്. എല്ലാവരും പാലനയുടെ ഭാഗ്യമുള്ളവരും ആകണമെന്നില്ല. ശരിയായ മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കാനോ നേർവഴിക്ക് നയിക്കുവാനോ ആരുമില്ലാതെ കഴിയുന്നവരുണ്ട്. എന്നാൽ കർമ്മത്തിലൂടെ ഭാഗ്യം നേടുവാനുള്ള അവസരം ബഹുഭൂരിപക്ഷം പേർക്കും ഉണ്ട് എന്ന് പറയാം. ഭാഗ്യം ജന്മനാ ലഭിച്ചതായാലും, പാലനത്തിന്റെ ഭാഗ്യമുള്ളവരായാലും, കർമ്മത്തിലൂടെ നമ്മൾ ഭാഗ്യമുണ്ടാക്കിക്കൊണ്ടിരിക്കണം.

ഭാഗ്യശാലിയാകുന്നതിന് ഒന്നാമതായി ത്യാഗി ആകണം. ത്യാഗത്തിലൂടെ ഭാഗ്യം തീർച്ചയായും ഉണ്ടാകുന്നു.

രണ്ടാമതായി ശ്രേഷ്ഠ കർമ്മങ്ങളുടെ വിത്ത് വിതയ്ക്കുക. ഓരോരുത്തർക്കും ജന്മനാ തന്നെ പ്രത്യേക ഗുണങ്ങളും വിശേഷതകളും ഉണ്ടാകും. ഒരു വിശേഷതയുമില്ലാത്ത ഒരു മനുഷ്യനും ഉണ്ടാകില്ല. ആ ഗുണങ്ങളെയും വിശേഷതകളെയും കർമ്മത്തിൽ ഉപയോഗിക്കുമ്പോൾ ഭാഗ്യമാകുന്ന ഫലം പുറത്തു വരുന്നു. ഇങ്ങനെ ഗുണങ്ങളും വിശേഷതകളും അടങ്ങിയ കർമ്മമാകുന്ന വിത്ത് വിതയ്ക്കുമ്പോൾ ഭാഗ്യമാകുന്ന ശ്രേഷ്ഠ ഫലം നമ്മുടെ മുന്നിൽ വരും. അതിനോടൊപ്പം മറ്റുള്ളവരെയും ഭാഗ്യശാലിയാക്കുന്നതിന്റെ മനോഭാവം നമ്മൾ വയ്ക്കണം. മറ്റുള്ളവരുടെ കുറവുകൾ വീക്ഷിച്ചുകൊണ്ടിരിക്കുന്നവർക്ക് സ്വയം ഭാഗ്യശാലിയാകുവാനോ മറ്റുള്ളവരെ ഭാഗ്യശാലിയാക്കുവാനോ കഴിയില്ല. ഭാഗ്യശാലികൾ മറ്റുള്ളവരുടെയും വിശേഷതകളും കഴിവുകളും ഉണർത്തി, അവർക്കും ഭാഗ്യത്തിനുള്ള വിത്ത് വിതയ്ക്കുവാനുള്ള അവസരം നൽകുന്നു. നമ്മൾ ഭാഗ്യശാലിയാണെങ്കിൽ, നമ്മളിലൂടെ മറ്റുള്ളവരുടെയും ഭാഗ്യം ഉണരുന്നു വരും എന്നതും ഒരു പരമാർത്ഥമാണ്. നമ്മളിലൂടെ മറ്റുള്ളവരുടെ ഭാഗ്യം ഇല്ലാതാകുന്നുവെങ്കിൽ, നമ്മൾ ഭാഗ്യഹീനരാണ് എന്നതിനെയാവും അത് സൂചിപ്പിക്കുക. സ്വയം ഭാഗ്യശാലികളായി, മറ്റുള്ളവരെയും ഭാഗ്യനക്ഷത്രങ്ങളാക്കി മാറ്റുന്നവർ ഭാഗ്യദാതാക്കളാണ്. മൂന്നാതമായി ഈശ്വര സ്നേഹം. ഈശ്വരനെ ഭാഗ്യവിധാതാവ് എന്ന് പറയുന്നു. ആ പരമാത്മാവിനോടുള്ള അകമഴിഞ്ഞ സ്നേഹം സർവ്വ ഭാഗ്യങ്ങളുടെയും ഖജനാവ് തുറക്കുന്നതിനുള്ള ദിവ്യമായ താക്കോലാണ്, എങ്ങനെയുള്ള ദൗർഭാഗ്യശാലിയെയും ഭാഗ്യശാലിയാക്കി മാറ്റുന്ന ഒന്നാണ്.

വണ്ണാർ സർവ്വീസ്സ് സൊസൈറ്റിയുടെ 40–ാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ബി.കെ. മിനി (തിരുവനന്തപുരം സെന്ററുകളുടെ ഇൻ–ചാർജ്ജ്) സംസാരിക്കുന്നു.



## മാന-അപമാനങ്ങൾ

7-ാം പേജ് തുടർച്ച......

ദണ്ഡം. ഭീരുത്വം കൊണ്ടോ, ധനത്തിന്റെയും സ്ഥാനങ്ങളുടെയും പ്രലോഭനം കൊണ്ടോ, ആശയങ്ങളിലും ആദർശങ്ങളിലും വിട്ടുവീഴ്ച ചെയ്യുന്ന വ്യക്തികളെ വ്യക്തിത്വമുള്ളവർ എന്ന് പറയാൻ കഴിയില്ല. തത്വദീക്ഷയില്ലാത്ത രാഷ്ട്രീയവും അദ്ധ്വാനിക്കാതെ ആർജിക്കുന്ന സമ്പത്തും മനസ്സിന് യോജിക്കാത്ത സുഖാനുഭവവും വ്യക്തിത്വത്തെ തകർത്തു കളയും. സ്വഭാവ ശുദ്ധിയെ അവഗണിക്കുന്ന വിജ്ഞാനവും വ്യക്തിത്വത്തെ മങ്ങലേല്പിക്കുന്ന ഒന്നാണ്.

ജപ്പാനിൽ റെയ്യാനൻ എന്ന ഒരു യുവതി ഉണ്ടായിരുന്നു. റെയ്യാനൻ പിന്നീട് അറിയപ്പെടുന്ന ഒരു ബുദ്ധസന്യാസിനിയായിമാറി. ഒരിക്കൽ അവർ ഗുരുവിനടുത്തെത്തി തനിക്ക് ആത്മജ്ഞാനം നൽകണമെന്നും അതിനായി ശിഷ്യയായി തന്നെ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. റെയ്യാനയോ അതിസുന്ദരിയായിരുന്നു. ത്രസിപ്പിക്കുന്ന ഈ സൗന്ദര്യം കണ്ടപ്പോൾ ഗുരുവിന് ഭയമായി. ആരുടെയും ആത്മ നിയന്ത്രണം തെറ്റിക്കാൻ കഴിയും വിധമുള്ള ഈ സൗന്ദര്യം നശിപ്പിച്ചിട്ട് വന്നാൽ നിന്നെ ശിഷ്യയായി സ്വീകരിക്കാമെന്ന് ഗുരു പറഞ്ഞു. തന്റെ വ്യക്തിത്വ വികാസം പൂർണ്ണമാക്കി ആത്മാന്വേഷണത്തിന്റെ പാതയിലൂടെ ചലിക്കാനായിരുന്നു റെയ്യാനൻ ആഗ്രഹിച്ചിരുന്നത്. അവർ അവിടെ നിന്ന് പോയി. കമ്പി ചുട്ടുപഴുപ്പിച്ച് തന്റെ മുഖമാകെ പൊള്ളിച്ച് ഭീഭത്സമാക്കി മാറ്റി. ഇങ്ങനെ തന്റെ സൗന്ദര്യത്തിന് ശാശ്വതമായ വൈരൂപ്യം വരുത്തി വീണ്ടും ഗുരുവിന്റെ അടുത്തെത്തി. അവളെ ഗുരു ശിഷ്യയായി സ്വീകരിച്ചു. പിന്നീട് ഈ സന്ദർഭത്തിന്റെ ഓർമ്മയിൽ റെയ്യാനൻ എഴുതിയ ഒരു കവിതയുടെ അവസാന വരിയിൽ ഞാനെന്റെ മുഖത്തെ വിരൂപമാക്കി ലോകത്തിലേയ്ക്ക് പ്രവേശിക്കാനായി എന്നെഴുതുകയുണ്ടായി. വ്യക്തിത്വരൂപീകരണത്തിൽ ത്യാഗത്തിന്റെ ഘടകം വഹിക്കുന്ന പങ്കിന് ഈ സംഭവം ഒരു ഉദാഹരണമാണ്.



## സന്തുലനം

ഡോ. ദീപക് ചോപ്ര

മൈക്കലാഞ്ചലോയുടെ അസാമാന്യമായ പ്രതിഭാപാടവം വികലമായൊരു വെണ്ണക്കല്ലിൽ പരിപൂർണ്ണമായൊരു മൂർത്തിയെ വിഭാവന ചെയ്യുവാനുള്ള അദ്ദേഹത്തിന്റെ കഴിവായിരുന്നു. ഒരു ശില്പം നിർമ്മിക്കുക എന്നതായിരുന്നില്ല അദ്ദേഹത്തെ സംബന്ധിച്ചുള്ള വെല്ലുവിളി. മറിച്ച് അതിൽത്തന്നെയുണ്ടായിരുന്ന, ആ കല്ലിൽ മറഞ്ഞിരുന്ന രൂപത്തെ പ്രത്യക്ഷമാക്കുക എന്നതായിരുന്നു. വ്യക്തിപരമായ ജീവിതത്തിൽ സന്തുലം തിരിച്ചുകൊണ്ടുവരുമ്പോൾ നമ്മൾ ചെയ്യുന്നത് ഇതുതന്നെയാണ്. പുതുതായി എന്തെങ്കിലും സൃഷ്ടിക്കുകയല്ല മറിച്ച്, ഉള്ളിൽ ഗുപ്തമായിരിക്കുന്നതിനെ പ്രത്യക്ഷീകരിക്കുകയാണ്. സ്വയം ആരാണെന്ന അറിവ് മിക്കവർക്കുമില്ല, അല്ലെങ്കിൽ തീരെ പരിമിതമായ അറിവാണുള്ളത് എന്ന് പറയാം. അതിനു കാരണം, തന്റെ യഥാർത്ഥ സ്വരൂപത്തെ കാണുവാനുള്ള മാർഗ്ഗം അറിയാത്തതുകൊണ്ടാണ്. കലങ്ങിയ വെള്ളമുള്ള തടാകത്തിന്റെ അടിത്തട്ട് ദൃശ്യമാകാത്തതുപോലെ, പല രീതിയിലുള്ള അസന്തുലനങ്ങൾ കാരണം ആ യഥാർത്ഥ സ്വരൂപം മറയ്ക്കപ്പെട്ടിരിക്കുന്നു. വിശപ്പും ദാഹവും സ്വാഭാവികമായി ശരീരത്തിനുണ്ടാകുന്നതുപോലെ, ഈ സന്തുലനത്തിനായുള്ള നൈസർഗ്ഗികമായ വാസനയും ഓരോരുത്തരിലുമുണ്ടാകും. ഓരോരുത്തരും ആ നിജ സ്വരൂപത്തെ ദീപ്തമാക്കണം, സന്തുലനം പുനഃസ്ഥാപിക്കണം.